## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1979 04.05.2017-ൽ മറുപടിയ്ക്ക്

# ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണസമിതികൾ പിരിച്ച് വിടാൻ സ്വീകരിച്ച മാനദണ്ഡം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണ സമിതികൾ പിരിച്ച് വിട്ടത് ഏതെങ്കിലും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണോ യെന്ന് അറിയിക്കാമോ; | (എ) | സർക്കാർ ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണ സമിതികൾ പിരിച്ച് വിട്ടത് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലല്ല. |
| (ബി) | അല്ലെങ്കിൽ പിരിച്ച് വിടാൻ സ്വീകരിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (ബി) | പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും അർബൻ സഹകരണ ബാങ്കുകൾക്കുമായി നിലവിലുള്ള കേന്ദ്ര സഹകരണ സംഘമാണ് ജില്ലാ . സഹകരണ ബാങ്കുകൾ. ആയതിനാലാണ് 4/17 നമ്പർ ഓർഡിനൻസ് പ്രകാരം ജില്ലാ സഹകരണ ബാങ്കുകളിലെ വോട്ടവകാശമുള്ള അംഗത്വം PACS-നും അർബൻ ബാങ്കുകൾക്കുമായി പരിമിതപ്പെടുത്തിയത്. |
| (സി) | പ്രാഥമിക സഹകരണ സംഘങ്ങളെ ജില്ലാ സഹകരണ ബാങ്കുകളുടെ അഫിലിയേഷനിൽ നിന്ന് ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വിശദീകരിക്കാമോ? | (സി) | പ്രാഥമിക സഹകരണ സംഘങ്ങളെ ജില്ലാ സഹകരണ ബാങ്കുകളുടെ അഫിലിയേഷനിൽ നിന്ന് ഒഴിവാക്കാൻ ഉദ്ദേശിക്കുന്നില്ല. PACS, അർബൻ ബാങ്ക് എന്നിവയൊഴികെയുള്ള പ്രാഥമിക സഹകരണ സംഘങ്ങളെ നാമമാത്ര അംഗങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് വോട്ടവകാശത്തിനുള്ള അർഹത നഷ്ടപ്പെടും. |

സെക്ഷൻ ഓഫീസർ